കോഴിക്കോട് ജില്ലയിലെ അദ്ധ്യാപക ഒഴിവുകൾ

72 [1606] ശ്രീ. സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എൽ. പി./യു. പി. സ്കൂളുകളിൽ എത്ര അദ്ധ്യാപക ഒഴിവുകൾ നിലവിൽ ഉണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും വിശദമാക്കാമോ;

(ബി) പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടായിരിക്കെ പ്രസ്തുത ഒഴിവുകളിലേക്ക് ഇപ്പോഴും താൽക്കാലിക നിയമനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) കോഴിക്കോട് ജില്ലയിൽ ആകെ 83 പ്രൈമറി അദ്ധ്യാപക ഒഴിവുകൾ നിലവിലുണ്ട്. ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും അധികാരപരിധിയിൽ വരുന്ന ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1.	ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്	ബാലുശ്ശേരി	.. 3
2.	,,	കൊയിലാണ്ടി	.. 5
3.	,,	മേലടി	.. 2
4.	,,	കുന്നുമ്മൽ	.. 5
5.	,,	പേരാമ്പ്ര	.. 4
6.	,,	നാദാപുരം	.. 2
7.	,,	കുന്നമംഗലം	.. 22
8.	,,	ഫറോക്ക്	.. 8
9.	,,	താമരശ്ശേരി	.. 20
10.	,,	കോഴിക്കോട് (റൂറൽ)	.. 5
11.	,,	കോഴിക്കോട് (സിറ്റി)	.. 4
12.	,,	വടകര	.. 3
			83

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു. 27 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ തസ്തിക നിർണ്ണയത്തിനും, അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിനും ശേഷം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly